16059
24/11/15

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി ഉഷ.ബി, ഗ്രേഡ് 1 ആശുപത്രി അറ്റന്റർ, മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം - 2013 -14 കാലയളവിലെ ലീവ് സറണ്ടർ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എച്ച്) വകുപ്പ്

സ.ഉ.(സാധാ)നം.3707/2015/ആ.കു.വ | തീയതി, തിരുവനന്തപുരം 17/11/15

പരാമർശം:- 1.കത്ത് നം. HRMP.No.4638/14/TVM/HRC തീയതി 26/11/2014, 17/12/2014, 07/05/2015, 18/10/2015

2. ബഹു.കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 21/08/2015 ലെ നടപടി ക്രമം

3.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 23/01/15, 14/05/2015, 02/06/2015, 29/10/2015 എന്നീ തീയതികളിലെ ഇ.എഫ് 3/4672/14/ആഡ്‌സ് നമ്പർ കത്തുകൾ

## ഉത്തരവ്

ആരോഗ്യ വകുപ്പിന് കീഴിൽ തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ഗ്രേഡ്-1 ആശുപത്രി അറ്റൻഡറായ ശ്രീമതി ഉഷ ബി. ആര്യനാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഗ്രേഡ്-2 അറ്റൻഡറായിരുന്ന കാലയളവിലെ (2013-2014) ലീവ് സറണ്ടർ തുകയായ 14,138/- രൂപ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ബഹു. മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്ത എച്ച്.ആർ.എം.പി നമ്പർ 4638/2014 ലെ വിധിന്യായത്തിൽ, ശ്രീമതി ഉഷ ബി-യുടെ ലീവ് സറണ്ടർ തുകയായ 14,138/- രൂപ ഉടനടി കൊടുക്കണമെന്നും, കുറ്റക്കാരായവരിൽ നിന്നും ടി തുക തിരികെ പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം കമ്മീഷൻ ഉത്തരവായിരുന്നു.

2. ശ്രീമതി ഉഷ.ബിയുടെ ലീവ് സറണ്ടർ തുകയായ 14,138/- രൂപ ഉൾപ്പെടെയുള്ള 47,090/-രൂപയുടെ ബില്ല് ട്രഷറിയിൽ നിന്നും മാറിയെടുത്തു എങ്കിലും ടി തുക ഓഫീസിൽ ഏൽപ്പിക്കാതിരുന്നതിനാൽ പരാതിക്കാരിക്ക് മാറി നൽകുകയുണ്ടായില്ലായെന്നും, അതിനാൽ തുക വീണ്ടും മാറി നൽകുന്നതിനാവശ്യമായ അനുമതി നൽകണമെന്നും പരാമർശം (3) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ആരോഗ്യവകുപ്പിന് കീഴിൽ തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ഗ്രേഡ്-I ആശുപത്രി അറ്റൻഡറായ ശ്രീമതി ഉഷ ബി.ക്ക് ആര്യനാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഗ്രേഡ്-2 അറ്റൻഡറായിരുന്ന കാലയളവിലെ (2013-2014) ലീവ് സറണ്ടർ തുകയായ 14,138/- രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4. ക്രമക്കേടിന് ഉത്തരവാദികളായവർ ഇപ്പോൾ ജോലി നോക്കി വരുന്ന സ്ഥാപനത്തിലെ Drawing & Disbursing Officer മുഖേന 47,090/-രൂപയും പ്രസ്തുത തുകയ്ക്ക് തിരിച്ചടയ്ക്കുന്ന തീയതി വരെയുള്ള അതിന്റെ 18% പലിശയും തിരിച്ചു പിടിക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ അടിയന്തിര നടപടിയെടുക്കാനും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മോഹനരാജ് എം**
**അണ്ടർ സെക്രട്ടറി**
സെക്രട്ടറിക്കുവേണ്ടി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി ഉഷ.ബി, ഗ്രേഡ് 1 ആശുപത്രി അറ്റൻഡർ, മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം (ആരോഗ്യവകുപ്പ് ഡയറക്ടർ മുഖാന്തിരം)
ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) തിരുവനന്തപുരം.
മെഡിക്കൽ ഓഫീസർ, മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

**ഉത്തരവിൻ പ്രകാരം**

Deep

**സെക്ഷൻ ഓഫീസർ**